**മംഗളവാർത്താക്കാലം രണ്ടാം ഞായർ**

**ലൂക്കാ 1:26-38**

## ഉലയാതെ നിന്നവൾ

റവ. ഫാ. നിബിൻ കുരിശിങ്കൽ

കഴിക്കാൻ ഭക്ഷണമോ മരുന്നോ ഇല്ലാതിരുന്നത് കൊണ്ടല്ല... കടിച്ചു പിടിച്ചു പോരാടാനും ജീവിക്കാനും പ്രതീക്ഷയും പ്രത്യാശയും ഇല്ലാതായിപ്പോയതുകൊണ്ടാണ് അവരിൽ ഭൂരിഭാഗം ആളുകളും മരിച്ചുപോയത്. ക്രൂരതയും കരച്ചിലും കൊലപാതകങ്ങളും മാത്രം അരങ്ങേറിക്കൊണ്ടിരുന്ന ഔഷ്വിറ്റ്സിലെ കോൺസൻട്രേഷൻ ക്യാമ്പ് ജീവിതം അതിജീവിച്ചുവന്ന വിക്റ്റർ ഫ്രാങ്ക്ളിന്റെ പുസ്തകത്തിലേതാണ് ഈ സങ്കടാക്ഷരങ്ങൾ. കൂടെയുള്ളവരെപ്പോലെ പാതിവഴിക്ക് ശ്വാസം നിലച്ചു പോകാതെ വിക്റ്റർ ഫ്രാങ്ക്ളിനെ പിടിച്ചുനിർത്തിയത് അകലെ എവിടെയോ തനിക്കായി കാത്തിരിക്കുന്ന ഭാര്യയെക്കുറിച്ചുള്ള ഓർമ്മകളാണ്... അവളെ വീണ്ടും കാണണമെന്നുള്ള തീവ്രമായ ആഗ്രഹമാണ്.

കൊറോണ വൈറസാണേലും കത്രീന കൊടുങ്കാറ്റാണേലും പൊരുതി നിൽക്കാൻ പറ്റും പക്ഷേ കൂടെ ഒരാളെങ്കിലും വേണം... പറയാൻ ആഗ്രഹിക്കുന്നത് മറിയത്തെക്കുറിച്ചാണ്. ചരിത്രത്തെ രക്ഷാകരമാക്കാൻ ഒറ്റയ്ക്കുനിന്ന് പോരാടിയ ഒരു അസാധാരണ സ്ത്രീയാണ് മറിയം. സ്നേഹം കൊണ്ടുള്ള അമിത വാഴ്ത്തലുകളിൽ മറിയം എന്ന സ്ത്രീയിൽ നാം കാണാതെ പോയത് അവളുടെ ധീരതയുടെ നിലപാടുകളും അവൾക്കുണ്ടായിരുന്ന വിശ്വാസത്തിന്റെ ദൃഢതയുമൊക്കെയാണ്. വ്യാകുലമാതാവെന്ന ചമയം ചാർത്തി കൊടുത്തപ്പോൾ അതിന്റെ അമിത ചായക്കൂട്ടിൽ കലങ്ങി ഇല്ലാതായിപ്പോയത് അവളുടെ ധീരതയെന്ന പ്രാഭവമാണ്.

മംഗളവാർത്തയുടെ ആനന്ദശ്രുതി മുഴങ്ങിയതു മുതൽ അവൾക്ക് കൂട്ടായി ആകാശത്ത് മാലാഖമാരും ഭൂമിയിൽ മനുഷ്യരുമൊക്കെയുണ്ട്. അവൾ ഉൾപ്പെടുന്ന ആ തിരുകുടുംബത്തിനെതിരെ അന്നുയർന്ന വാൾത്തലകൾക്ക് മുന്നിൽ നെഞ്ചുവിരിച്ചു നിൽക്കാൻ അവൾക്ക് ഒരു പുരുഷനുണ്ടായിരുന്നു. ഏതു പാതിരാത്രിയിലെ പ്രാണനെ പൊതിഞ്ഞു പിടിച്ചുകൊണ്ട് പലായനം ചെയ്യാൻ അയാൾ ഉറക്കമില്ലാതെ കാവലിരിക്കുന്നുണ്ടായിരുന്നു. അതുകൊണ്ടുതന്നെ മകനെ ഉദരത്തിൽ വഹിച്ചുകൊണ്ടിരുന്ന നാളിലും അവന്റെ പിറവിക്കു ശേഷം പരസ്യജീവിതം ആരംഭിക്കുന്ന നാൾവരെയും മറിയം എന്ന സാധാരണ സ്ത്രീക്ക് അതിവിശേഷ അനുഭവങ്ങൾ അനവധിയുണ്ടായിരുന്നില്ല.

എന്നാൽ മകൻ പരസ്യജീവിതത്തിന്റെ പച്ചക്കൊടി വീശി ജോർദാനിൽനിന്നും സ്നാനജലമേറ്റുയർന്ന അന്നുതന്നെയാകണം മറിയത്തിന്റെ ആയുഷ്കാലത്തിന്റെ രണ്ടാം ഭാഗം പിറവിയെടുക്കുന്നത്. യൂദയാ ദേശത്തിന്റെ അതിർത്തികളിലും അതിനപ്പുറവും മകനായ ക്രിസ്തു മാറ്റത്തിന്റെ മാറ്റൊലി മുഴക്കുന്നു എന്ന സദ്വാർത്ത മറിയത്തിനു എത്ര ആനന്ദം പകർന്നുവോ അതിലിരട്ടി ഭീതിയായിരുന്നു അവനെതിരെ അധികാരത്തിന്റെ വാറോലകളിൽ രാജ്യദ്രോഹത്തിന്റെ കുറ്റപത്രമെഴുതി കുരിശുമരണത്തിന്റെ വിധിവാചകത്തിനു കീഴെ ഒപ്പു ചാർത്താൻ നിരന്നുനിൽക്കുന്ന മത-രാഷ്ട്രീയ ശത്രുക്കളുടെ സൈന്യനിരയുടെ വ്യാപ്തി മറിയത്തിൽ ജനിപ്പിച്ചത്. 'ഇതാ കർത്താവിന്റെ ദാസി' എന്ന് പ്രത്യുത്തരിച്ചുകൊണ്ട് താൻ ഏറ്റെടുത്തത് പീഡാനുഭവത്തിന്റെ കാസയായിരുന്നു എന്ന ബോധ്യം അവൾക്കുള്ളിൽ ശിമയോൻ പണ്ടേ നിക്ഷേപിച്ചതിനാൽ മറിയം പിന്നീടങ്ങോട്ട് ധീരത പടർന്നുപിടിച്ച ഒരു സ്ത്രീയായി മാറുകയായിരുന്നു. മുപ്പത്തിമൂന്നുകാരൻ മകൻ മൂന്നാണികളിൽ മരണവേദനയനുഭവിക്കുന്ന കാഴ്ച മലമുകളിൽനിന്ന് നിസ്സഹായയായി കാണേണ്ടിവന്ന ഒരു അമ്മ. വ്യാകുലത്തിന്റെ ഏഴു വാളുകളും ഒരുമിച്ചേറ്റനുഭവം. ആ അനുഭവത്തിന്റെ ആലയിലാണ് മറിയം ഉരുക്കപ്പെട്ടത്. അഗ്നി ശുദ്ധിയിൽ സ്നാനപ്പെട്ട ആ സ്ത്രീക്ക് അവസാനത്തെ സമ്മാനമായി മകൻ നൽകിയത് മനുഷ്യകുലത്തിന്റെ മുഴുവനും മാതൃത്വമായിരുന്നു.

മൂന്നുവർഷം ചേർന്നു നടക്കുകയും ഒരൊറ്റ രാത്രിയിൽ ചിതറിയോടുകയും ചെയ്ത പതിനൊന്നു പുരുഷന്മാരെ വീണ്ടെടുക്കുകയും അവരെ ചേർത്തിരുത്തുകയും ചെയ്യുക എന്നതായിരുന്നു അവളുടെ ആദ്യ ദൗത്യം. പുരുഷമേധാവിതത്വത്തിന്റെ ഈറ്റില്ലമായ ഒരു പ്രദേശത്തെ ഒരു സാധാരണ യഹൂദ പെണ്ണാണ് പതിനൊന്നു പുരുഷന്മാരുടെ നടുവിലിരുന്നു നയിക്കാൻ പോകുന്നത്. കൂടെ കൂട്ടിയ ഒരൊറ്റ ആൺതരി പോലും കൂട്ടിനു വരാതിരുന്ന ആ കുരിശുമര ചുവട്ടിൽ ഒരാളെ പോലും ഭയപ്പെടാതെ മറിയവും അവളെപ്പോലുള്ള ചില സ്ത്രീകളും കൂട്ടിനിന്നിരുന്ന കാര്യം പറയുമ്പോൾ അത് കഥയില്ലാത്ത ഒരു കാര്യമാണെന്നു കരുതരുത്. കത്തോലിക്കാസഭ പത്രോസിന്റെ കരങ്ങളിലേക്ക് ഭരമേല്പിക്കപ്പെടും മുൻപേ പത്രോസിനെ പോലും ഭരമേറ്റ ഒരു സ്ത്രീ ഉണ്ടായിരുന്നു എന്ന കാര്യം വിസ്മരിക്കരുത്. റോമൻ ഭടന്മാരുടെ കാൽപ്പെരുമാറ്റം കേട്ട് കുനിഞ്ഞിരുന്ന അപ്പസ്തോലന്മാർക്ക് നടുവിൽ നട്ടെല്ല് നിവർത്തി ധീരതയോടെ നിവർന്നുനിന്ന സ്ത്രീയാണ് മറിയം.

ജീവിതം അന്നും ഇന്നും സമാനവും അല്ലാത്തതുമായ അന്ധകാരാനുഭവങ്ങളിലൂടെ കടന്നുപോകുമ്പോൾ ധീരത പടർന്നുപിടിക്കുന്ന മുഖമുള്ള മറിയത്തെയാണ് മനുഷ്യർ നെഞ്ചിലേറ്റേണ്ടത്. ഇന്നും ലോകത്തിലെ ഏതൊരു വീടിനകത്തും അതുപോലൊരു പെണ്ണുണ്ട്. പല വീടുകളെയും ഇരുട്ട് പൂർണമായും വിഴുങ്ങിക്കളയാത്തത് പ്രതീക്ഷയുടെ പൊൻവെളിച്ചമായി ചില സ്ത്രീകൾ നിന്നെരിയുന്നതിനാലാണ്. മറിയം നമ്മളെക്കൊണ്ടു ചെന്നെത്തിക്കേണ്ടത് ഓരോ സ്ത്രീയുടെയും കുലീനതയിലേക്കാണ്. അവൾ ചെയ്തു കൂട്ടുന്ന എത്രയെത്ര കാര്യങ്ങൾക്കാണ് കൈയടി കിട്ടാതെ പോകുന്നത്! അവൾ ഏറ്റെടുക്കുന്ന എത്രയെത്ര കുരിശുമരങ്ങൾക്കാണ് കെറുവീൻകാരന്റെ ഒരു കൈത്താങ്ങു പോലും കിട്ടാതെ പോകുന്നത്! അവളുടെ കവിളിലൂടൊഴുകുന്ന എത്ര കണ്ണീർചാലുകളാണ് വെറോനീക്കയുടെ തൂവാലതുമ്പുകൊണ്ട് തുടയ്ക്കപ്പെടാതെ പോകുന്നത്.

പ്രതീക്ഷയുടെ വിളക്കും പിടിച്ചുകൊണ്ട് നിന്നുരുകുന്ന അവളെ സ്വീകരിക്കാൻ ഒരു നാട് വേണം നാട്ടിൽ ഒരു വീടും, അവിടെ സ്നേഹിക്കാൻ കുറച്ചാളുകളും... അങ്ങനെ കുറച്ചാളുകൾ ദൂരെ എങ്കിലും ഉണ്ടെന്ന തോന്നൽ മാത്രംമതി അവൾക്ക് പൊരുതി നിൽക്കാൻ! അതൊക്കെ ഇല്ലെന്നു കാണുമ്പോഴാണ് സത്യത്തിൽ തോറ്റു പോകുന്നത്. കോൺസൻട്രേഷൻ ക്യാംപിലെ മരണഭയത്തിന്റെ ഇരുളിലും വിക്റ്റർ ഫ്രാങ്ക്ൾ വഴി പിഴയ്ക്കാതെ വീടണഞ്ഞത് നാട്ടുകാർ ചൂട്ടും കത്തിച്ചോണ്ടു മുന്നേ ഓടിയത് കൊണ്ടൊന്നുമല്ല. കൂടെ ഉണ്ടായിരുന്ന ഒരു പാവം പെണ്ണിനെക്കുറിച്ചുള്ള ഓർമ്മകൾ ഉമിത്തീ പോലെ ഉള്ളിൽ എരിഞ്ഞു നിന്നതുകൊണ്ടും ഉള്ളിലുയരുന്ന പ്രാർത്ഥന ദൈവം കേൾക്കുന്നുണ്ടെന്ന അപാരമായ വിശ്വാസം കെടാതെ കത്തിച്ചു നിർത്തിയതുകൊണ്ടുമാണ്. ഒരാളുപോലും തുണയില്ലാത്ത നേരത്തും മറിയം തെല്ലും ഉലയാതെ നിന്നത് അവളെ ചേർത്തു പിടിച്ചത് ദൈവം തന്നെയായിരുന്നതുകൊണ്ടാണ്.